കൗൺസിൽ ആഫ് ഇൻഡ്യ ജീനസ് മെഡ്സ ൻ.

* 26. [28] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ലക്ക്നൗവിൽവച്ചു നടന്ന അഖിലേന്ത്യാ ആയുർവ്വേദ കൺവെൻഷൻ, ഒരു കൗൺസിൽ ആഫ് ഇൻഡ്യ ജീനസ് മെഡിസിൻ സംഘടിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു പ്രമേയം പാസ്സാക്കിയിട്ടുള്ളതു തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

ഒരു കൗൺസിൽ ആഫ് ഇൻഡ്യ ജീനസ് മെഡിസിൻസ് സംഘടിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അഖിലേന്ത്യാ ആയുർവ്വേദ കൺവെൻഷൻ ഒരു പ്രമേയം പാസ്സാക്കിട്ടുണ്ടു് ഈ ഗവണ്മെൻറിനു ലഭിച്ചിട്ടില്ല.

ശ്രീ. എൻ. ജി. ചാക്കോ : അങ്ങനെ ഒരു കൗൺസിൽ രൂപീകരിക്കുവാനുള്ള ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ എ. എ. റഹിം : ഇപ്പോൾ അതിനെപ്പറ്റി ആലോചിച്ചിട്ടില്ല.

മരച്ചീനി സഹകരണസംഘങ്ങൾ.

* 27. [29] ശ്രീ. കുട്ടപ്പൻ ചെയിക്കൽ : താഴെ കാണുന്ന ചോദ്യം കൃഷിമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് എത്ര മരച്ചീനി സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു ;

(ബി) എന്തു തുക അവയ്ക്കു സഹായധനമായി കൊടുത്തു ;

(സി) എത്ര ടൺ മരച്ചീനി കർഷകരിൽനിന്നും ഇതിനകം സഹകരണസംഘങ്ങൾ വാങ്ങി ?

കൃഷിമന്ത്രി (ശ്രീ. എ. ജെ. ജോൺ) : (എ) പുതിയതായി 194 മരച്ചീനി സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു. നിലവിലുള്ള 3 സംഘങ്ങൾ മരച്ചീനി സംഘങ്ങളായി പരിവർത്തനം ചെയ്തതുൾപ്പെടെ ഇപ്പോൾ 197 മരച്ചീനി സഹകരണസംഘങ്ങൾ ഉണ്ടു്.

(ബി) ഓരോ സംഘത്തിനും 200 രൂപ സഹായധനമായി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടു്.

(സി) സഹകരണ സംഘങ്ങൾ കർഷകരിൽനിന്നും വാങ്ങിയ മരച്ചീനിയുടെ കണക്കു് ഗവണ്മെൻറു ശേഖരിച്ചിട്ടില്ല.

ശ്രീ. കുട്ടപ്പൻ ചെയിക്കൽ : എന്നുവരെയാണു് മരച്ചീനി എടുക്കുന്നതിനുള്ള അവകാശം ഈ സംഘങ്ങൾക്കു കൊടുത്തിട്ടുള്ളതു് ?

ശ്രീ. എ. ജെ. ജോൺ : ആഗസ്റ്റു് അവസാനംവരെ.

ശ്രീ. കുട്ടപ്പൻ ചെയിക്കൽ : അതിനു ശേഷം ഗവണ്മെൻറു് ആ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly